## കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്-ജീനവക്കാര്യം - കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമ പഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ആയിരിക്കെ മരണമടഞ്ഞ കെ. സഹദേവന്റെ മകൾ ശ്രീമതി. പി. എസ്. സബീന സർവ്വീസിലിരിക്കേ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള ആശ്രിത നിയമന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(കൈ) നം.38/2021/**തസ്വഭവ.** തീയതി, തിരുവനന്തപുരം **13/02/2021**

പരാമർശം:-
1 സ.ഉ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/5/1999.
2 സ.ഉ.(പി) നം.14/10/പി & എആർ.ഡി തീയതി, 12/04/2010.സ.ഉ.(പി) നം.
3 37/2011/പി & എ ആർ.ഡി തീയതി, 15.12.2011.
4 03/08/1998 ലെ സ.ഉ. (എം.എസ്) നമ്പർ 162/1998/എൽ.എ.ഡി
5 ശ്രീമതി. പി. എസ്. സബീനയുടെ 08.03.2018- ലെ അപേക്ഷ.
6 പഞ്ചായത്ത് ഡയറക്ടറുടെ 22/12/2020-ലെ PAN/7906/2020-E14(DP)) നമ്പർ കത്ത്.
7 കണ്ണൂർ ജില്ലാ കളക്ടറുടെ 18.10.2019 ലെ DCKNR/7107/2018-A5 നം.കത്ത്.

### ഉത്തരവ്

കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമ പഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ആയിരിക്കെ മരണമടഞ്ഞ കെ. സഹദേവന്റെ മകൾ ശ്രീമതി. പി. എസ്. സബീന സർവ്വീസിലിരിക്കേ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (5) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (6) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമ പഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ആയിരിക്കേ 16.01.1994 ലാണ് കെ. സഹദേവൻ നിര്യാതനാവുന്നത്. പരേതനായ കെ. സഹദേവന് 14 വർഷം സേവനകാലമുണ്ട്. സഹദേവന്റെ മരണത്തെതുടർന്ന് ആശ്രിത നിയമനം ലഭിക്കുന്നതിന് ടിയാന്റെ ഭാര്യയായ ശ്രീമതി. ശോഭന അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ടിയാൾക്ക് ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിയമനം നൽകി ഉത്തരവായിരുന്നു. എന്നാൽ ടിയാളുടെ ശാരീരിക അവശതകൾ കാരണം ജോലിയിൽ പ്രവേശിച്ചിരുന്നില്ല.

അപേക്ഷകയായ ശ്രീമതി. പി. എസ്. സബീന പരേതന്റെ മകളാണ്. ടിയാൾ നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷകയുടെ ജനനതീയതി 31.01.1989 ആണ്. അപേക്ഷകയ്ക്ക് 32 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷക S.S.L.C പരീക്ഷ പസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ കണ്ണൂർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായാണ് ടിയാരി അപേക്ഷിച്ചിട്ടുള്ളത്.

കെ. സഹദേവന്റെ മറ്റ് അവകാശികൾക്കൊന്നും ജോലി ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകയ്ക്ക് അർഹതയുണ്ട്.

അപേക്ഷയോടൊപ്പം പരേതനായ കെ. സഹദേവന്റെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, സേവന സാക്ഷ്യപത്രം, അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകയുടെ വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം, അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം, സംരക്ഷണ സമ്മതമൊഴി തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാളുടെ കുടുംബവാർഷിക വരുമാനം 1,38,000 /- രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും കണ്ണൂർ ജില്ലാ കളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമ പഞ്ചായത്തിൽ ഓഫീസ് അറ്റൻഡന്റ് ആയിരിക്കെ മരണമടഞ്ഞ കെ. സഹദേവന്റെ മകൾ ശ്രീമതി. പി. എസ്. സബീനയുടെ (യശോധരം ഹൗസ്, കുട്ടിമാക്കൂൽ പി.ഒ, തിരുവൻകാട്, തലശ്ശേരി, കണ്ണൂർ) വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1), (2) ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ/ ആദ്യം ഉണ്ടാകുന്നതോ ആയ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

മരണമടഞ്ഞ കെ. സഹദേവന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാരിയെ ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാകുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്
ശ്രീമതി. പി. എസ്. സബീന( യശോധരം ഹൗസ്, കുട്ടിമാക്കൂൽ പി.ഒ, തിരുവൻകാട്, തലശ്ശേരി, കണ്ണൂർ)
(തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം(അനുബന്ധ രേഖകൾ സഹിതം).
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ജില്ലാ കളക്ടർ, കണ്ണൂർ.
ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
വിവര പൊതുജന സമ്പർക്ക വകുപ്പ്,(വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഇപിഎ 3/14/2021/തസ്വഭവ)

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ